# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3155** **23.03.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കൃഷി വകുപ്പിൽ സേവനം അനുഷ്ഠിക്കുന്ന കോൺട്രാക്ട് ജീവനക്കാർ

| ചോദ്യം<br>ശ്രീ. എ.കെ. ശശീന്ദ്രൻ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിൽ എത്ര കോൺട്രാക്ട് ജീവനക്കാർ ഏതെല്ലാം പദ്ധതികളിലായി സേവനം അനുഷ്ഠിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | എ) 23/03/2015 വരെ കൃഷി വകുപ്പിൽ കേന്ദ്രസർക്കാരിന്റെ NeGP-A പദ്ധതിയിൽ 3 ഉം, ഓർഗാനിക ഫാമിംഗ് പദ്ധതിയിൽ 30 ഉം, സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 91 ഉം, ആത്മ പ്രോജക്ടിൽ 301 ഉം, മൊബൈൽ അഗ്രോ ക്ലിനിക് ഡ്രൈവർമാരായി 68 ഉം, ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ 159 പേരും കോൺട്രാക്ട് ജീവനക്കാരായി സേവനമനുഷ്ഠിച്ചിരുന്നു. |
| ബി) അതിൽ സർക്കാർ വകുപ്പിൽ നിന്നും വിരമിച്ചവർ എത്ര; ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിൽ നിന്നും വിരമിച്ചവരെന്ന് പേരുവിവരം സഹിതം വ്യക്തമാക്കാമോ? | ബി) അതിൽ കൃഷി വകുപ്പിൽ നിന്നും അഡീഷണൽ ഡയറക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. കെ.കെ. ചന്ദ്രൻ ഓർഗാനിക് ഫാമിംഗ് സെല്ലിൽ സ്റ്റേറ്റ് കോ-ഓർഡിനേറ്ററായും, മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഡ്രൈവർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. പ്രേമചന്ദ്രൻ നായർ, കെ.എസ്.ആർ.ടി.സി യിൽ നിന്നും ഡ്രൈവർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. ബാലസുബ്രമണ്യൻ എന്നിവർ ഡ്രൈവർമാരായി സേവനമനുഷ്ഠിച്ചിരുന്നു. |
| സി) സർക്കാർ വകുപ്പുകളിൽ നിന്നും വിരമിച്ചവർ അല്ലാതെയുള്ള കോൺട്രാക്ട് ജീവനക്കാർ എത്ര; ഏതെല്ലാം പദ്ധതികളിലായി അവർ സേവനം അനുഷ്ഠിക്കുന്നു; വ്യക്തമാക്കുമോ? | സി) കൃഷി വകുപ്പിലെ കൃഷി ഡയറക്ടറേറ്റിൽ ഐ.ടി സെല്ലിൽ മൂന്ന് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരും, ഒരു ട്രാൻസിലേറ്ററും, കേന്ദ്രസർക്കാരിന്റെ NeGP-A പദ്ധതിയിൽ ഉൾപ്പെട്ടവരാണ്. കൂടാതെ ഓർഗാനിക് ഫാമിംഗ് സെല്ലിൽ 29 പേർ സേവനമനുഷ്ഠിച്ചിരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 91 കോൺട്രാക്ട് ജീവനക്കാർ സേവനമനുഷ്ഠിച്ചിരുന്നു. ഇതിൽ 58 ഫീൽഡ് |

അസിസ്റ്റന്റുമാരും, 31 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരും, 2 ടെക്നിക്കൽ അസിസ്റ്റന്റുമാരുമാണ് ഉള്ളത്. ആത്മ പ്രോജക്ടിൽ 301 പേരും മൊബൈൽ അഗ്രോ ക്ലിനിക്കിൽ 66 ഡ്രൈവർമാരും, ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ 159 പേരും കോൺട്രാക്ട് ജീവനക്കാരായി സേവനമനുഷ്ഠിച്ചിരുന്നു.

ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് നിയമിക്കപ്പെട്ടതും ഇപ്പോഴും തുടരുന്നതുമായ എത്ര കോൺട്രാക്ട് ജീവനക്കാരുണ്ട്; ഏതെല്ലാം പദ്ധതികളിൽ ഇവർ സേവനം അനുഷ്ഠിക്കുന്നു; ഇവരിൽ വിരമിച്ചവരെത്ര; പേരുകൾ വെളിപ്പെടുത്താമോ?

ഡി) കഴിഞ്ഞതിന്റെ മുന്നിലെ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ 42 പേരും, NeGP- A പദ്ധതിയിൽ 4 പേരും, ആത്മ പദ്ധതിയിൽ 172 പേരും, സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 26 പേരും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 23/03/2015 വരെ സേവനമനുഷ്ഠിച്ചിരുന്നു. ഇവരിൽ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർ ആരും തന്നെ ഇല്ല.

സെക്ഷൻ ഓഫീസർ